# ലേല പരസ്യം

*നമ്പർ : ഒ1-8438/12* *20012 നവംബർ 03*

നെന്മാറ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ടതും വിൽപ്പനക്ക് യോഗ്യമായതുമായ തൊണ്ടി സാധനങ്ങൾ അതാത് റെയിഞ്ചാഫീസുകളിൽ വെച്ച് അതാതിന് താഴെ കാണിച്ചിരിക്കുന്ന തിയ്യതികളിൽ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ലേല ദിവസം പൊതു ഒഴിവു ദിവസമായി വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതായിരിക്കും. നിശ്ചിത ലേലതിയ്യതിക്ക് 7 ദിവസം മുൻപുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ്, എണ്ണം മുതലായവ ലോട്ടു തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് ഗുണ നിലവാരം, അളവ് എന്നിവ ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനു ശേഷം ഇതു സംബന്ധിച്ചുള്ള യാതൊരുവിധ പരാതികളും പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി 5,000 രൂപ നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ലേലം വിളിക്കുന്നയാൾ ലേലം കഴിഞ്ഞാൽ ഉടൻതന്നെ ലേലത്തുകയുടെ മൂന്നിലൊന്ന് നിരതദ്രവ്യം ഉൾപ്പെടെ അടക്കേണ്ടതുമാണ്. ലേലത്തുക 10,000 (പതിനായിരം) രൂപയോ അതിൽ കുറവോ ആണെങ്കിൽ മൊത്തം ലേലത്തുകയും ലേലത്തുക 10,000 രൂപയിൽ കവിയുകയാണെങ്കിൽ 10,000 രൂപയോ 1/3 ഭാഗമോ ഏതാണ് കൂടുതല്ലെങ്കിൽ ആയത് ലേലം കഴിഞ്ഞ ഉടനെ അടയ്ക്കേണ്ടതുമാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം വിലയും ലേല ദിവസം തന്നെ അടക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തിയ്യതി മുതൽ 30 ദിവസത്തിനകം തൊണ്ടി വില, വാറ്റ് 5 ശതമാനം, വനവികസന നികുതിയും മൊത്തം സംഖ്യക്ക് 1988 ലെ ഫൈനാൻസ് ആക്റ്റ് പ്രകാരമുള്ള ആദായ നികുതി മുതലായവയും അടച്ച് ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം, ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തിയ്യതി മുതൽ 60 ദിവസത്തിനകമുള്ള അവധികൂടി കണക്കാക്കി തറവാടക ഈടാക്കിക്കൊണ്ട് ലേല വസ്തുക്കൾ കൊണ്ടുപോകുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്. മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ആ വക സാധനങ്ങൾ യാതൊരറിയിപ്പും കൂടാതെ തന്നെ സർക്കാരിലേക്ക് മുതൽക്കൂട്ടി പുനർലേലം നടത്തുന്നതും ആയതിൻമേൽ ലേലക്കാരന് യാതൊരുവിധ അവകാശങ്ങളും ഇല്ലായിരിക്കുന്നതുമാണ്.

ബാക്കി സംഖ്യ 30 ദിവസത്തിനകം അടക്കാതിരുന്നാൽ ന്യായമായ കാരണങ്ങളാൽ 50 ദിവസംകൂടി 18 ശതമാനം പലിശയും നിയമപ്രകാരമുള്ള തറവാടകയോടും കൂടി അടക്കുവാൻ അനുവാദം നൽകുന്നതാണ്. അതിനുശേഷം യാതൊരു കാരണവശാലും ബാക്കി തുക അടക്കുന്നതിനുള്ള കാലാവധി നീട്ടികൊടുക്കുന്നതല്ല. ലേലത്തുക ഈ കാലാവധികളിൽ അടക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്ത് സാധനങ്ങൾ ലേലക്കാരന്റെ നഷ്ടോത്തരവാദത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ കുടിശ്ശിക വസൂൽ ചെയ്യുന്ന നിയമങ്ങളനുസരിച്ച് മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭകരമായിരുന്നാൽ മുൻ ലേലക്കാരന് യാതൊരു അവകാശവും

സിദ്ധിക്കാത്തതുമാകുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 3.12.2000 ലെ FU2-362082000 തിയ്യതി 19.12.2000 പ്രകാരം 5-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മറ്റ് വ്യവസ്ഥകളും സർക്കാർ തടി ഡിപ്പോകളിൽ അതാത് കാലങ്ങളിൽ നിലവിലുള്ള പൊതു ലേല നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും.

നിരതദ്രവ്യം : 5,000 (അയ്യായിരം) രൂപ മാത്രം

<u>പട്ടിക</u>

<u>ലേലത്തിയതി</u>

| മാസം | ആലത്തൂർ റെയിഞ്ച് | നെല്ലിയാമ്പതി റെയിഞ്ച് | കൊല്ലങ്കോട് റെയിഞ്ച് |
|---|---|---|---|
| ജനുവരി | 09-01-2013 | 10-01-2013 | 11-01-2013 |
| ഫെബ്രുവരി | 13-02-2013 | 14-02-2013 | 15-02-2013 |
| മാർച്ച് | 12-03-2013 | 13-03-2013 | 14-03-2013 |
| ഏപ്രിൽ | 23-04-2013 | 24-04-2013 | 25-04-2013 |
| മെയ് | 21-05-2013 | 22-05-2013 | 23-05-2013 |
| ജൂൺ | 18-06-2013 | 19-06-2013 | 20-06-2013 |
| ജൂലായ് | 16-07-2013 | 17-07-2013 | 18-07-2013 |
| ആഗസ്റ്റ് | 19-08-2013 | 20-08-2013 | 21-08-2013 |
| സെപ്റ്റംബർ | 09-09-2013 | 10-09-2013 | 11-09-2013 |
| ഒക്ടോബർ | 17-10-2013 | 18-10-2013 | 19-10-2013 |
| നവംബർ | 25-11-2013 | 26-11-2013 | 27-11-2013 |
| ഡിസംബർ | 16-12-2013 | 17-12-2013 | 18-12-2013 |

മുകളിൽ ചേർത്ത ദിവസങ്ങളിൽ ഏതെങ്കിലും ദിവസം പൊതു ഒഴിവു ദിവസമായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും

കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ച് ഓഫീസുകളിൽ നിന്നും നേരിൽ അന്വേഷിച്ച് അറിയാവുന്നതാണ്. ഈ ലേലപ്പരസ്യം കേരളാ വനം വന്യജീവി വകുപ്പിന്റെ വെബ്സൈറ്റായ <u>www.keralaforest.org</u> ലും ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
നെന്മാറ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
നെന്മാറ
(കേരള ഗവർണ്ണർക്കു വേണ്ടി)